സ.ഉ.(കൈ) നം.22/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(8), 38(1) എന്നിവ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.22/2022/LSGD തീയതി,തിരുവനന്തപുരം, 09-02-2022

പരാമർശം:-

1. 27/09/2016 ലെ സ.ഉ.(കൈ) നം.136/2016/തസ്വഭവ.
2. പെരുമ്പാവൂർ നഗരസഭ കൗൺസിലിന്റെ 18/08/2020 ലെ തീരുമാനം.
3. മുഖ്യനഗരാസൂത്രകന്റെ 10/12/2020 ലെ ലെ ടിസിപിസിടിപി/2147/2020-എഫ്2 നമ്പർ കത്ത്.
4. പെരുമ്പാവൂർ നഗരസഭ കൗൺസിലിന്റെ 12/10/2021 ലെ 1-ാം നമ്പർ തീരുമാനം.
5. മുഖ്യനഗരാസൂത്രകന്റെ 11/01/2022 ലെ ടിസിപിസിടിപി/2147/2020-എഫ്2 നമ്പർ കത്ത്.

ഉത്തരവ്

പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുകയും, മാസ്റ്റർപ്ലാൻ 22/11/2016-ന് നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(2) പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേൽ ലഭിച്ച ആക്ഷേപ നിർദ്ദേശങ്ങ ളിന്മേലുള്ള സ്പെഷ്യൽ കമ്മിറ്റി റിപ്പോർട്ട് നഗരസഭ കൗൺസിലിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച് മാസ്റ്റർ പ്ലാൻ പരിഷ്കരിക്കുന്നതിനു പരാമർശം (2) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും നഗരസഭയുടെ മേൽ തീരുമാനങ്ങളിൽ, Inner Ring roads, Outer Ring Roads എന്നിവയുടെ വീതിയിൽ മുഖ്യ നഗരാസൂത്രകൻ ഭേദഗതി വരുത്തി ലഭ്യമാക്കിയ പരാമർശം (3) പ്രകാരമുള്ള ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം അംഗീകരിച്ച ശിപാർശകളിൽ റോഡുകളുടെ വീതികൾ സംബന്ധിച്ചുള്ളവ ഒഴികെ നഗരസഭ കൗൺസിൽ സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിക്കുന്നതോടൊപ്പം Inner ring road ന്റെ വീതി 21m മുതൽ 10m ആയും Outer ring road ന്റെ വീതി 30m മുതൽ 10m ആയും നൽകുന്നതിനുള്ള നഗരസഭയുടെ ശിപാർശ അംഗീകരിക്കാവുന്നതാണെന്നും ലിങ്ക് റോഡുകളുടെ widening proposal കുറയ്ക്കുന്നതിനും Karattupallikara Road(NS-8), Konnamkudy

Road (NS-9) റോഡ് വൈഡനിംഗ് പ്രപ്പോസൽ ഒഴിവാക്കുന്നതിനും പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) പെരുമ്പാവൂർ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും സർക്കാരിന്റെ അനുമതിക്കായി അയക്കുന്നതിനും നഗരസഭ പരാമർശം (4) പ്രകാരം തീരുമാനം എടുത്തിട്ടുള്ളതാണെന്നും നഗരസഭ അംഗീകരിച്ച് സർക്കാരിലേക്ക് അനുമതിക്കായി അയക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പെരുമ്പാവൂർ മാസ്റ്റർ പ്ലാൻ അംഗീകരിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, പെരുമ്പാവൂർ നഗരസഭയുടെ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ച്, പെരുമ്പാവൂർ മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര- ഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(8), 38(1) എന്നിവ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, എറണാകുളം
3. സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sindhu.p.g.
Date: 09-02-2022 14:59:56
സെക്ഷൻ ഓഫീസർ